**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3804** **06-08-2021 - ൽ മറുപടിയ്ക്ക്**

**വരുമാനം ഇല്ലാതായ ക്ഷേത്രങ്ങളെ സംരക്ഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | കോവിഡ് മഹാമാരി മൂലം വരുമാനം ഇല്ലാതായ ക്ഷേത്രങ്ങളെ സംരക്ഷിക്കാൻ സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | കോവിഡ് മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ 2020-2021 സാമ്പത്തിക വർഷം സംസ്ഥാനത്തെ ദേവസ്വം ബോർഡുകൾക്ക് സർക്കാർ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. അപ്രകാരം നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡ് - 90 കോടി കൊച്ചിൻ ദേവസ്വം ബോർഡ് - 25 കോടി മലബാർ ദേവസ്വം ബോർഡ് - 20 കോടി കൂടൽമാണിക്യം ദേവസ്വം - 15 ലക്ഷം ഇത് കൂടാതെ തിരുവിതാംകൂർ ദേവസ്വം ബോർഡിന് ഈ സാമ്പത്തിക വർഷം 10 കോടി രൂപ കൂടി അനുവദിച്ച് നൽകുന്നതിനായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ പ്രഖ്യാപിച്ച സാമ്പത്തിക പാക്കേജ് പ്രകാരം സാമൂഹ്യ സുരക്ഷ പെൻഷനോ, വെൽഫയർ ഫണ്ട് പെൻഷനോ ലഭിക്കാത്ത BPL, അന്ത്യോദയ അന്നയോജന കുടുംബത്തിന് 1000/- രൂപ സാമ്പത്തിക സഹായം നൽകുവാൻ സർക്കാർ പൊതു തീരുമാനം എടുത്തതിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ ക്ഷേത്രങ്ങളിലെ ജീവനക്കാർക്കായി പ്രത്യേക ധനസഹായം അനുവദിച്ചിട്ടില്ല. എന്നാൽ സ്വകാര്യക്ഷേത്രങ്ങളിലെ ജീവനക്കാർക്കും ക്ഷേത്രാരാധനയുമായി ബന്ധപ്പെട്ട വിവിധ തൊഴിലെടുക്കുന്നവർക്കും വേണ്ടി ഒരു പ്രത്യേക ക്ഷേമനിധി ബോർഡ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | പ്രസ്തുത പശ്ചാത്തലത്തിൽ വരുമാനമില്ലാതായ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ബി) | കോവിഡ് മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ 2020-2021 സാമ്പത്തിക വർഷം സംസ്ഥാനത്തെ ദേവസ്വം ബോർഡുകൾക്ക് സർക്കാർ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. അപ്രകാരം നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡ് - 90 |

| | | | |
|---|---|---|---|
| | | | കോടി കൊച്ചിൻ ദേവസ്വം ബോർഡ് - 25 കോടി<br>മലബാർ ദേവസ്വം ബോർഡ് - 20 കോടി<br>കൂടൽമാണിക്യം ദേവസ്വം - 15 ലക്ഷം ഇത് കൂടാതെ<br>തിരുവിതാംകൂർ ദേവസ്വം ബോർഡിന് ഈ<br>സാമ്പത്തിക വർഷം 10 കോടി രൂപ കൂടി അനുവദിച്ച്<br>നൽകുന്നതിനായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>കോവിഡിന്റെ പശ്ചാത്തലത്തിൽ പ്രഖ്യാപിച്ച<br>സാമ്പത്തിക പാക്കേജ് പ്രകാരം സാമൂഹ്യ സുരക്ഷ<br>പെൻഷനോ, വെൽഫയർ ഫണ്ട് പെൻഷനോ<br>ലഭിക്കാത്ത BPL, അന്ത്യോദയ അന്നയോജന<br>കുടുംബത്തിന് 1000/- രൂപ സാമ്പത്തിക സഹായം<br>നൽകുവാൻ സർക്കാർ പൊതു തീരുമാനം<br>എടുത്തതിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ<br>ക്ഷേത്രങ്ങളിലെ ജീവനക്കാർക്കായി പ്രത്യേക<br>ധനസഹായം അനുവദിച്ചിട്ടില്ല. എന്നാൽ<br>സ്വകാര്യക്ഷേത്രങ്ങളിലെ ജീവനക്കാർക്കും<br>ക്ഷേത്രാരാധനയുമായി ബന്ധപ്പെട്ട വിവിധ<br>തൊഴിലെടുക്കുന്നവർക്കും വേണ്ടി ഒരു പ്രത്യേക<br>ക്ഷേമനിധി ബോർഡ് ആരംഭിക്കുന്നതിനുള്ള<br>നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ